# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുക

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3562 — 30.01.2014 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുക, പൂർണ്ണമായി കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മരിച്ചവരുടെ ആശ്രിതർ, ശാരീരിക വൈകല്യം സംഭവിച്ചവർ എന്നിവർക്ക് എത്ര വീതം നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | എ) | ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവർക്കും, എൻഡോസൾഫാൻ തളിച്ച് തുടങ്ങിയതിനു ശേഷം ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും മറ്റ് ശാരീരിക വൈകല്യങ്ങൾ ഉള്ളവർക്ക് 3 ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം അനുവദിക്കുന്നതിനായാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയത്. |
| ബി) | ഇതിൽ കാസർഗോഡ് ജില്ലയിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ എത്ര പേർ ഉണ്ടെന്നും ഓരോ വിഭാഗത്തിനും എത്ര തുക വീതം നൽകിയിട്ടുണ്ടെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | ബി) | മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും നടപ്പിലാക്കാനും സർക്കാർ തീരുമാനിച്ചിരുന്നു. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നതിന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നില്ല. എന്നാൽ ആയവർക്ക് കൂടി 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് അനുവദിച്ച പ്രത്യേക ധനസഹായം - വിശദവിവരങ്ങൾ**

| കാറ്റഗറി | എണ്ണം | അനുവദിച്ച തുക | ആകെ തുക |
|---|---|---|---|
| പൂർണ്ണമായും കിടപ്പിലായവർ | 200 | 1,50,000 | 3,00,00,000 |
| ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 916 | 1,50,000 | 13,74,00,000 |
| ശാരീരിക വൈകല്യമുള്ളവർ | 795 | 1,00,000 | 7,95,00,000 |
| കാൻസർ രോഗികൾ | 323 | 1,00,000 | 3,23,00,000 |
| ആകെ | 2234 | 5,00,000 | 27,92,00,000 |

**എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് പ്രത്യേക ധനസഹായം - വിശദവിവരങ്ങൾ**

| ദുരിതബാധിതരുടെ എണ്ണം | അനുവദിച്ച തുക | ആകെ തുക |
|---|---|---|
| 607 | 1.5 ലക്ഷം വീതം | 9,10,50,000 (9.105 കോടി രൂപ) |

| | | | |
|---|---|---|---|
| സി) | ബാക്കി നൽകാനുള്ള തുക എന്ന് നൽകാനാകും എന്ന് അറിയിക്കാമോ? | സി) | രണ്ടാംഗഡു തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ